<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1571**</u> <u>**11-09-2023 - ൽ മറുപടിയ്ക്ക്**</u>

<u>**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)ന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | **(എ)** കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനം വിശദീകരിക്കുന്ന കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കെയ്സുമായി ചേർന്ന് ഏതെല്ലാം രാജ്യങ്ങളിൽ എംപ്ലോയർ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്; ഇതുവഴി എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | **(ബി)** ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കെയ്സ് തൊഴിൽ വകുപ്പിനു കീഴിലുള്ള ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് (ODEPC) മായി ചേർന്നാണ് എംപ്ലോയർ മീറ്റ് സംഘടിപ്പിച്ചിട്ടുള്ളത്. പ്രസ്തുത പരിപാടിയിൽ 120 ഓളം കമ്പനികൾ പങ്കെടുക്കുകയുണ്ടായി. നിലവിൽ ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)ന്റെ പ്രവർത്തനം സംബന്ധിച്ച്.**

സംസ്ഥാന സർക്കാരിനു കീഴിലെ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ കമ്പനീസ് ആക്ട് 1956 സെക്ഷൻ 25 പ്രകാരം ഒരു ലാഭേതര കമ്പിനിയായി സ്ഥാപിതമായിട്ടുള്ളതാണ് സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്. വിവിധ നൈപുണ്യ വികസന പദ്ധതികളുടെ നടത്തിപ്പും ഏകോപനവുമാണ് കെയ്സിന്റെ ചുമതലയിൽപ്പെടുന്നത്.

വിവിധ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വികേന്ദ്രീകൃത മാതൃകയിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷനായ കെയ്സ് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാൻ ആയും, ജില്ല പ്ലാനിങ്ങ് ഓഫീസർ കൺവീനർ ആയും ജില്ലാ നൈപുണ്യ വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ പ്രതിനിധികൾ, വിദ്യാഭ്യാസ വിചക്ഷണൻമാർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ള വിദഗ്ദ്ധർ അംഗങ്ങളായ ജില്ലാ നൈപുണ്യ വികസന സമിതി ജില്ലകളിലെ നൈപുണ്യവികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ നഗര ഗ്രാമവ്യത്യാസമില്ലാതെ എല്ലാപേർക്കും ലഭ്യമാകുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും കൗശൽകേന്ദ്രങ്ങൾ ആരംഭിക്കുകയും തൊഴിൽ സാധ്യതയുള്ള മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) സ്ഥാപിച്ച് പാർശ്വവല്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ ഉൾപ്പെടെ എല്ലാവർക്കും നൈപുണ്യ വികസനത്തിനുള്ള അവസരം ലഭ്യമാക്കുന്നത് ലക്ഷ്യമാക്കി നൈപുണ്യവികസ മിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രധാന നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

I. **സങ്കൽപ്പ് പദ്ധതി** (Skills Acquisition and Knowledge Awareness for Livelihood Promotion) (60:40 **സെന്റട്രലി സ്പോൺസേർഡ് സ്കീം**)
കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നൈപുണ്യ വികസന പദ്ധതികളുടെ നിലവാരം ഉയർത്തുന്നതിനും, സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ നൈപുണ്യ വികസന പദ്ധതികളുടെ കൺവെർജെൻസ് നടപ്പിലാക്കുന്നതിനും, നൈപുണ്യ വികസന പദ്ധതികളുടെ മൂല്യനിർണയത്തിന്റെയും സർട്ടിഫിക്കേഷന്റെയും നിലവാരം ഉയർത്തുന്നതിനും, ദേശീയ

നൈപുണ്യ യോഗ്യത ഫ്രെയിംവർക്ക് (NSQF) സാർവത്രികം ആക്കുന്നതിനും, നൈപുണ്യ വികസനം വഴി ഉപജീവനമാർഗം ഉറപ്പാക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന സ്കീം ആണ് Skills Acquisition and Knowledge Awareness for Livelihood Promotion (SANKALP).

**II. പി എം കെ വി വൈ (PMKVY) പദ്ധതി ( സെൻട്രലി സ്പോൺസേർഡ് സ്കീം)**

നൈപുണ്യ വികസന പദ്ധതികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സംസ്ഥാനത്തു നടപ്പിലാക്കുന്ന വരുന്ന പദ്ധതിയാണ് പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന. PMKVY പദ്ധതിയുടെ ഭാഗമായി ഷോർട് ടെം ട്രെയിനിംഗ് കോഴ്സുകളും നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്ക് നൈപുണ്യ വികസനം നടപ്പിലാക്കുന്നതിനായി Recognition of Prior Learning (RPL) കോഴ്സുകളും നടപ്പിലാക്കി വരുന്നു. മുന്നേ ആർജ്ജിച്ച പഠന പരിചയമോ നൈപുണ്യമോ കരസ്ഥമായിട്ടുള്ളവർക്ക് ആർജ്ജിത വിജ്ഞാന ഘടകത്തിന് (RPL) കീഴിൽ തങ്ങളുടെ നൈപുണ്യ ശേഷി വിലയിരുത്തി സർട്ടിഫിക്കറ്റ് നേടാവുന്നതാണ്. പി എം കെ വി വൈ പദ്ധതി മുഖേന റീറ്റെയ്ൽ, കൺസ്ട്രക്ഷൻ, ഇലക്ട്രോണിക്സ്, അപ്പാരൽ, അഗ്രികൾച്ചർ, ഫുഡ് പ്രോസസ്സിങ്, ഐ.ടി., ടൂറിസം, ഹോസ്പിറ്റാലിറ്റി, ബ്യൂട്ടി ആൻഡ് വെൽനെസ്സ് തുടങ്ങിയ 20-ഓളം മേഖലകളിലാണ് പരിശീലനം നൽകിയത്.

**III. കൗശൽ കേന്ദ്രങ്ങൾ**

കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സെലൻസ് (KASE) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ തങ്ങൾക്ക് അനുയോജ്യമായ തൊഴിൽ മേഖലയിൽ എത്താൻ ഉള്ള ലോകോത്തര പരിശീലനം നൽകണം എന്ന ആശയത്തോടുകൂടിയാണ് കൗശൽ കേന്ദ്ര എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഈ സെന്ററുകളിൽ യുവജനങ്ങൾക്ക് തൊഴിൽ നിപുണത കൈവരിക്കാനുതകുന്ന രീതിയിൽ രൂപകൽപന ചെയ്ത കമ്പ്യൂട്ടർ പരിശീലന പ്രോഗ്രാമായ ഡിജിറ്റൽ ലിറ്ററസി കോഴ്സ്, ഇംഗ്ലീഷ് ഭാഷ നൈപുണ്യ കോഴ്സ്, അക്കൗണ്ടിംഗ് കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൗശൽ കേന്ദ്രയുടെ സെന്ററുകൾ കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുറ്റനാടും കോഴിക്കോട്ട ജില്ലയിലെ പാളയത്തും കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിലും നിലവിൽ പ്രവർത്തിച്ചുവരുന്നു. ബാക്കി ജില്ലകളിൽ കൂടി കൗശൽ കേന്ദ്ര സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

IV. iSTEP (International Skill Training and Employability Programme)

നൈപുണ്യ വികസനം വിവിധ മേഖലകളിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി അന്താരാഷ്ട്ര സ്ഥാപനങ്ങളും, വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യതയ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി വിവിധ മേഖലകളിൽ, ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് iSTEP (International Skill Training and Employability Programme) എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. iSTEP മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

I. മികവിന്റെ കേന്ദ്രങ്ങൾ (Centers of Excellence)
II. KASE കോഴ്സ് അക്രെഡിറ്റേഷനുള്ള സ്ഥാപനങ്ങൾ

## I. മികവിന്റെ കേന്ദ്രങ്ങൾ (Centers of Excellence)

1. NICE (Nursing Institute for Career Enhancement)
2. ESPOIR (Enlighten Skills Program for Oil & Rig)
3. Incubator / co-Working Space
4. Centre of Excellence in Renewable Energy
5. Centre of Excellence in Life Science
6. Multi-Language Learning Institute
7. Occupational Training and Examination Centre (OTEC)

## II. KASE കോഴ്സ് അക്രെഡിറ്റേഷൻ

ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് KASE ന്റെ അക്രഡിറ്റേഷന് ലഭ്യമാക്കുക വഴി തങ്ങളുടെ പരിശീലന പദ്ധതി ലോകോത്തര നിലവാരത്തിലുള്ളതാണെന്ന വസ്തുത പൊതു സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനും അതിന്റെ ഫലമായി മികച്ച ഉദ്യോഗാർഥികളെ പരിശീലിപ്പിക്കാനുള്ള അവസരം ലഭിക്കാനും സാധിക്കും. ഈ കോഴ്സുകൾ പൂർത്തിയാക്കുന്ന ഉദ്യോഗാർഥികൾക്ക് മികച്ച തൊഴിൽ അവസരങ്ങൾ സ്ഥാപനങ്ങൾ മുഖേന തന്നെ ലഭിക്കുന്നു.

## പ്രത്യേക നൈപുണ്യ പദ്ധതി

a) സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വിവിധ മേഖലകളിൽ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും നൈപുണ്യ പരിശീലനം നൽകി വരുന്നു. കെയ്സും ലേബർ കമ്മീഷണറേറ്റും സംയുക്തമായി കാലഹരണപ്പെട്ടതും കാലഹരണഭീഷണി നേരിടുന്നതുമായ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും, പ്രവർത്തിച്ചിരുന്നവരെയും, പ്രവർത്തിക്കാൻ താല്പര്യമുള്ളവരുമായ ലേബർ വെൽഫയർ ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളിലകളെ കണ്ടെത്തി നൂതന നൈപുണ്യ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി "പ്രതീക്ഷ" എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട് .

b) അട്ടപ്പാടി മേഖലയിലുള്ള പട്ടിക വർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ജില്ലാ ഭരണകൂടവുമായി സഹകരിച്ച് ഒരു പ്രത്യേക തൊഴിൽ മേള നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിക്കുകയും താല്പര്യമുള്ള

ഉദ്യോഗാർഥികളുടെ വിശദവിവരങ്ങൾ ശേഖരിക്കുകയും ഈ ഉദ്യോഗാർഥികൾക്കായി വിവിധങ്ങളായ നൈപുണ്യ പദ്ധതികൾ രൂപീകരിക്കുകയും ഇവ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനിതകളുടെ ഉന്നമനത്തിനായി വിവിധ നൈപുണ്യ പരിശീലന പദ്ധതികൾ KASE ന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു. സമൂഹത്തിലെ പാർശ്വവത്കരിപ്പെട്ടവർക്കും പിന്നോക്കക്കാർക്കുമായി വിവിധ സർക്കാർ വകുപ്പുകളും KASE ഉം ചേർന്ന് വിവിധ മേഖലകളിൽ സാമ്പത്തിക സഹായത്തോടുകൂടി നൈപുണ്യ പരിശീലനം നടപ്പിലാക്കി വരുന്നു.

**KIIFB ധനസാഹത്തോടെയുള്ള ഐ.ടി.ഐ പുനരുദ്ധാരണം**

10 ഗവൺമെന്റ് ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന KIIFB പദ്ധതിയുടെ SPV (Special Purpose Vehicle) ആയി KASE പ്രവർത്തിക്കുന്നു. 82.5 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് ഈ പദ്ധതിക്കുവേണ്ടി നൽകിയിട്ടുള്ളത്. പദ്ധതിപ്രകാരം താഴെ കാണിച്ചിട്ടുള്ള ഐ.ടി.ഐകളിൽ നിർമ്മാണപ്രവർത്തികൾ ക്രമീകരിച്ചിട്ടുണ്ട്.

1. ഗവ. ഐ ടി ഐ, ധനുവച്ചപുരം, തിരുവനന്തപുരം
2. ഗവ. ഐ ടി ഐ, ചന്ദനത്തോപ്പ്, കൊല്ലം
3. ഗവ. ഐ ടി ഐ , ചെങ്ങന്നൂർ, ആലപ്പുഴ
4. ഗവ. ഐ ടി ഐ, ഏറ്റുമാനൂർ, കോട്ടയം
5. ഗവ. ഐ ടി ഐ, കട്ടപ്പന, ഇടുക്കി
6. ഗവ. ഐ ടി ഐ, ചാലക്കുടി, തൃശ്ശൂർ
7. ഗവ. ഐ ടി ഐ, മലമ്പുഴ, പാലക്കാട്
8. ഗവ. ഐ ടി ഐ, കൊയിലാണ്ടി, കോഴിക്കോട്
9. ഗവ. ഐ ടി ഐ, കണ്ണൂർ
10. ഇ. കെ. നായനാർ മെമ്മോറിയൽ ഗവ. ഐ ടി ഐ, കയ്യൂർ, കാസർഗോഡ്

സെക്ഷൻ ഓഫീസർ